Page 1 of 4

ശുദ്ധജലക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ പ്രത്യേകിച്ചും തീരപ്രദേശങ്ങളിലും കുട്ടനാട് പോലുള്ള പ്രദേശങ്ങളിലും കുഴൽ കിണറുകൾ സ്ഥാപിച്ചു ലഭ്യമാകുന്ന ലവണ ജലം ശുദ്ധീകരിച്ച് വിതരണം ചെയ്യുന്ന ചെറുകിട റിവേഴ്സ് ഓസ്മോസിസ് പ്ലാന്റുകൾ സ്ഥാപിക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ലവണാംശം അധികമായ ജലം റിവേഴ്സ് ഓസ്മോസിസ് സാങ്കേതികവിദ്യ ഉപയോഗിച്ച് ശുദ്ധീകരിച്ചു കുടിവെള്ളം ആയി നൽകാനാണ് ഉദ്ദേശിക്കുന്നത്. മേൽപറഞ്ഞിട്ടുള്ള പദ്ധതിയുടെ ദർഘാസ് നടപടികൾ അവസാന ഘട്ടത്തിലാണ്.

(ബി) കേരളത്തിൽ കുടിവെള്ള സ്രോതസ്സുകളുടെ അഭാവംമൂലം ശുദ്ധജലക്ഷാമം രൂക്ഷമായ തീരപ്രദേശങ്ങളിലും കുട്ടനാട് പോലുള്ള പ്രദേശങ്ങളിലും ജലത്തിൽ അടങ്ങിയിരിക്കുന്ന ലവണാംശങ്ങൾ മാറ്റി ശുദ്ധജലം നൽകുന്നതിനുവേണ്ടിയാണ് ഇത്തരം ശുദ്ധീകരണശാലകൾ നിർമ്മിക്കാൻ ലക്ഷ്യമിടുന്നത്.

(സി) ചെറുകിട റിവേഴ്സ് ഓസ്മോസിസ് പ്ലാന്റുകൾ ദർഘാസ് നടപടിയിലൂടെ അനുയോജ്യരായ കരാറുകാരെ കണ്ടെത്തി പദ്ധതി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. മറ്റ് പദ്ധതികൾ കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സഹായത്തോടെ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്.

(ഡി) വൻ ജല ഉത്പാദനശേഷിയുള്ള പദ്ധതികൾ എസ്.എൽ.എസ്.എസ്.സി.-യിൽ സമർപ്പിച്ച് അംഗീകാരം ലഭിക്കുകയാണെങ്കിൽ കേന്ദ്രസഹായം പ്രതീക്ഷിക്കുന്നു. ചെറുകിട റിവേഴ്സ് ഓസ്മോസിസ് പ്ലാന്റുകൾ നടപ്പ് സാമ്പത്തിക വർഷത്തെ സംസ്ഥാന ബജറ്റിൽ നൂതന സാങ്കേതികവിദ്യ ഇനത്തിൽ വകയിരുത്തിയിരിക്കുന്ന തുക ചെലവാക്കി 19 പ്ലാന്റുകൾ സ്ഥാപിക്കുവാനാണ് ലക്ഷ്യമിടുന്നത്.

(ഇ) 19 പ്ലാന്റുകൾ സ്ഥാപിക്കുന്നതിനും കുഴൽ കിണറുകൾ നിർമ്മിക്കുന്നതിനുമായിട്ടുള്ള ദർഘാസ് നടപടികൾ പുരോഗമിച്ചുവരുന്നു. കരാറിൽ ഏർപ്പെടുന്ന മുറയ്ക്ക് പ്ലാന്റ് സ്ഥാപിക്കുന്നതിനും ശുദ്ധീകരിച്ച ജലം വിതരണം ചെയ്യുന്നതിനും ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ജല അതോറിറ്റി ഒരുക്കുന്നതാണ്. ഗുണനിലവാര സർവ്വെയുടെ അടിസ്ഥാനത്തിലാണ് പദ്ധതികൾ ഏറ്റെടുക്കുന്നത്. വാട്ടർ അതോറിറ്റിയുടെ വിവിധ ഓഫീസുകൾ ഇതിനുള്ള പദ്ധതി നിർവ്വഹണ റിപ്പോർട്ടുകൾ തയ്യാറാക്കുകയും അതിന് ഭരണതലത്തിൽ അംഗീകാരം കിട്ടുന്നതിനുവേണ്ടി വാട്ടർ അതോറിറ്റിയുടെ ഹെഡ് ഓഫീസിൽ സമർപ്പിച്ച് വിവിധ ഫണ്ടിംഗ് ഏജൻസികളിൽ ഫണ്ട് ലഭ്യമാക്കിയാണ് ഇത്തരം പദ്ധതികൾ നടപ്പാക്കിവരുന്നത്.

**ജലവിഭവശേഷി നിലനിർത്തുന്നതിന് പദ്ധതികൾ**

121 (6826) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ജലവിഭവശേഷി നിലനിർത്തുന്നതിന് നടപ്പിലാക്കുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ശുദ്ധജലമലിനീകരണം നിയന്ത്രിക്കുന്നതിനും ശുദ്ധജലസ്രോതസ്സുകളിലെ മലിനീകരണം എത്രയെന്ന് കണക്കാക്കുന്നതിനും നടപ്പിലാക്കിയ പദ്ധതികൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ ജലവിഭവശേഷി നിലനിർത്തുന്നതിനായി ജലസേചന വകുപ്പ് കുളങ്ങളുടെ നവീകരണവും പുനഃസ്ഥാപനവും ലക്ഷ്യമിട്ടുള്ള പദ്ധതികൾ ഏറ്റെടുത്ത് വരുന്നു. കൂടാതെ കായലുകളുടെ സുസ്ഥിര പരിപാലനം ലക്ഷ്യമിട്ട്, മാനേജ്മെന്റ് ആക്ഷൻ പ്ലാനുകളും തയ്യാറാക്കിയിട്ടുണ്ട്. നദികളുടെ നീരൊഴുക്ക് നിലനിർത്തുന്നതിനും ഭൂഗർഭജല പരിപോഷണം ഉറപ്പാക്കുന്നതിനുമായി തടയണകളും നിർമ്മിച്ചുവരുന്നു. നദീജലത്തിലും മറ്റ് ജലസ്രോതസ്സുകളിലും ഓരുജലക്കയറ്റം തടയുന്നതിനുള്ള പദ്ധതികളും സാമ്പത്തിക ലഭ്യതയനുസരിച്ച് ജലസേചന വകുപ്പുവഴി നടപ്പിലാക്കിവരുന്നു. നദീതടാടിസ്ഥാനത്തിലും നീർത്തടാടിസ്ഥാനത്തിലും കുളങ്ങളുടെ നവീകരണവും സംഭരണശേഷി വർദ്ധിപ്പിക്കലും ലക്ഷ്യമിട്ട് RRR പദ്ധതിയിൽപ്പെടുത്തി പ്രാദേശിക ജലലഭ്യത വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതിയും തയ്യാറാക്കി വരുന്നു. ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതിയും ജലസംരക്ഷണം ലക്ഷ്യമിട്ട് നടപ്പിലാക്കിവരുന്നു.

വാട്ടർ അതോറിറ്റി ഏറ്റെടുക്കുന്ന പദ്ധതികളുടെ ഉറവിടം ജലസംഭരണികളും നദികളും തടാകങ്ങളുമാണ്. ഇതിൽ നദികൾ സ്രോതസ്സായി ഏറ്റെടുക്കുന്ന ശുദ്ധജലവിതരണ പദ്ധതികളുടെ കിണറുകൾക്ക് സമീപത്തായി തടയണകൾ നിർമ്മിച്ച് നദികളിലെ ജലവിതാനം മെച്ചപ്പെടുത്തുവാൻ സാധിക്കുന്നുണ്ട്. ഇതുമൂലം വേനൽക്കാലത്ത് പോലും പദ്ധതികളിലെ ജലലഭ്യത ഒരു പരിധിവരെ ഉറപ്പുവരുത്തുവാൻ സാധിക്കുന്നുണ്ട്.

ജലനിധി രണ്ടാംഘട്ട പദ്ധതിയുടെ ഭാഗമായി പദ്ധതി പഞ്ചായത്തുകളിൽ ഭൂജല സംവർദ്ധന പ്രവർത്തനങ്ങളായ മേൽക്കൂരവഴിയുള്ള മഴവെള്ള സംഭരണം (കിണറുകളിലേക്ക്), തടയണകൾ, ഭൂഗർഭ തടയണകൾ, മഴക്കുഴികൾ തുടങ്ങിയവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

സംസ്ഥാനത്തെ ഭൂജല വിഭവശേഷി വർദ്ധിപ്പിക്കുന്നതിനായി കഴിഞ്ഞ കുറെ വർഷങ്ങളായി ഭൂജലസംരക്ഷണവും കൃത്രിമ ഭൂജല സംപോഷണവും എന്ന പദ്ധതി ഭൂജലവകുപ്പ് നടപ്പിലാക്കിവരുന്നുണ്ട്. ഈ പദ്ധതിയിൻ കീഴിൽ ചെറിയ തടയണകൾ, വി.സി.ബി.-കൾ, അടിയണകൾ, മഴക്കുഴികൾ എന്നിവയുടെ നിർമ്മാണവും, തുറന്ന കിണറുകൾ വഴിയുള്ള കൃത്രിമ ഭൂജല സംപോഷണ പദ്ധതികളും നടപ്പാക്കിവരുന്നു. ഭൂജലം സംരക്ഷിക്കുന്നതിനും അതിന്റെ ചൂഷണം, ഉപയോഗം എന്നിവ ക്രമീകരിക്കുന്നതിനും നിയന്ത്രിക്കുന്നതിനും വ്യവസ്ഥ ചെയ്യുന്ന കേരള ഭൂജല (നിയന്ത്രണവും ക്രമീകരണവും) ആക്ട് കേരള സംസ്ഥാനത്ത് നിലവിൽ വന്നിട്ടുണ്ട്. ഭൂജലത്തിന്റെ അമിത ഉപയോഗം നിയന്ത്രിക്കുന്നതിനും ഭൂജലസ്രോതസ്സുകൾ മലിനപ്പെടുത്തുന്നത് തടയുന്നതിനും ഈ ആക്ടിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തെ ഭൂജല സമ്പത്തിന്റെ അളവ് തിട്ടപ്പെടുത്തി ആവശ്യമായ പ്രദേശങ്ങളിൽ നിയന്ത്രണങ്ങൾ നടപ്പിലാക്കുകയും ചെയ്തുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

(ബി) ജലം മലിനീകരിക്കാതിരിക്കുന്നതിന്, പ്രത്യേകിച്ച് ഓരുജലം കയറി കുടിവെള്ളസ്രോതസ്സുകൾ ഉപയോഗയോഗ്യമല്ലാതായി മാറാതിരിക്കാൻ ജലസേചന വകുപ്പ് തടയണകൾ നിർമ്മിക്കാറുണ്ട്. ജലസ്രോതസ്സുകളിലെ മാലിന്യ നിക്ഷേപത്തോത് കുറയ്ക്കുന്നതിനായി സാമ്പത്തിക ലഭ്യതയനുസരിച്ച് കമ്പിവേലി കെട്ടുന്ന പ്രവർത്തനം ജലസേചന വകുപ്പ് സ്വീകരിച്ചുവരുന്നു.

സംസ്ഥാനത്തെ ജലസ്രോതസ്സുകളിലെ മലിനീകരണം സംബന്ധിച്ച പഠനം നടത്തുന്നത് സംസ്ഥാന മലിനീകരണനിയന്ത്രണ ബോർഡാണ്. കൂടാതെ സംസ്ഥാന ശാസ്ത്രസാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ നിർദ്ദേശാനുസരണം CWRDM കോഴിക്കോട് നദികളിലെയും തടാകങ്ങളിലെയും ജലഗുണനിലവാര പരിശോധന നടത്താറുണ്ട്. ഈ സ്ഥാപനങ്ങൾ നടത്തുന്ന ജലഗുണനിലവാര പഠനം സംബന്ധിച്ച റിപ്പോർട്ടുകൾ പ്രസിദ്ധീകരിക്കാറുണ്ട്.

ശുദ്ധജല മലിനീകരണം നിയന്ത്രിക്കുന്നതിന് ജലവിതരണ കുഴലുകളിലെ ലീക്കുകൾ സമയബന്ധിതമായി റിപ്പയർ നടത്തുക, വിതരണം ചെയ്യുന്ന ജലം ആവശ്യമായ തോതിൽ ക്ലോറിനേഷൻ നടത്തുക, കുടിവെള്ള പദ്ധതിയുടെ സ്രോതസ്സുകളായ കിണറുകൾ വൃത്തിയാക്കുക തുടങ്ങിയ നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിക്കാറുണ്ട്. കൂടാതെ വിതരണം ചെയ്യുന്ന ജലത്തിന്റെ ഗുണനിലവാരം ക്വാളിറ്റി കൺട്രോൾ വിഭാഗം പരിശോധിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. കുടിവെള്ള സ്രോതസ്സുകളായ നദികളും നദീതീരങ്ങളും തടാകങ്ങളും മലിനപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടാൽ ബന്ധപ്പെട്ട ജില്ലാ ഭരണകൂടവും അതാത് പ്രദേശങ്ങളിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് നടപടികൾ സ്വീകരിക്കാറുണ്ട്. കുടിവെള്ള സ്രോതസ്സുകൾ മലിനപ്പെടുന്നത് തടയുന്നതിനായി ഗ്യാലറികൾക്ക് മേൽമൂടിയും നെറ്റും സ്ഥാപിക്കുകയും സ്ക്രീനിംഗ് സംവിധാനം ഏർപ്പെടുത്തുകയും പരിസരം വൃത്തിയായി സൂക്ഷിക്കുകയും ചെയ്തുവരുന്നു. കേരള വാട്ടർ അതോറിറ്റിയുടെ ക്വാളിറ്റി കൺട്രോൾ വിഭാഗം കേരളത്തിലെ 44 നദികളിൽ നിശ്ചയിച്ചിട്ടുള്ള 126 സ്ഥലങ്ങളിൽനിന്നും ജലസാമ്പിളുകൾ മാസംതോറും ശേഖരിച്ച് പരിശോധന നടത്തി ഗുണനിലവാര വ്യതിയാനങ്ങൾ നിരീക്ഷിച്ചുവരുന്നുണ്ട്. ശുദ്ധജല മലിനീകരണം നിയന്ത്രിക്കുന്നതിനായി ജലനിധി രണ്ടാംഘട്ട പദ്ധതിയിലെ പഞ്ചായത്തുകളിൽ പഞ്ചായത്തുതല ശുചിത്വ പ്ലാനുകൾ തയ്യാറാക്കി കമ്മ്യൂണിറ്റി സെപ്റ്റിക് ടാങ്ക്, കംപോസ്റ്റിംഗ് യൂണിറ്റ്, പ്ലാസ്റ്റിക് മാലിന്യ സംസ്കരണം, ദ്രവമാലിന്യ സംസ്കരണം, ബയോഗ്യാസ് പ്ലാന്റ് തുടങ്ങി വിവിധ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ ചെയ്തുവരുന്നു. ജലനിധി പദ്ധതിയിലെ ജലസ്രോതസ്സുകളെല്ലാം നിർമ്മാണശേഷം ജലഗുണനിലവാരം ഉറപ്പുവരുത്തി മാത്രമേ ഗുണഭോക്താക്കൾക്ക് കൈമാറുന്നുള്ളൂ.

തുടർന്നും ആറ് മാസ ഇടവേളയിൽ ജലത്തിന്റെ ഗുണനിലവാരം പരിശോധിച്ച് ഉറപ്പുവരുത്തണമെന്ന് ഗുണഭോക്താക്കൾക്ക് നിർദ്ദേശം നൽകുന്നു. കേരളത്തിലെ കിണറുകളിലെ ജലഗുണനിലവാരം പഠിക്കുന്നതിനായി ഹൈഡ്രോളജി പ്രോജക്ട് 2-ന് കീഴിൽ സംസ്ഥാന ഭൂജല വകുപ്പ്, ഇറിഗേഷൻ

വകുപ്പ്, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹൈഡ്രോളജി, റൂർക്കി എന്നീ സ്ഥാപനങ്ങൾ സംയുക്തമായി പഠനം നടത്തുകയുണ്ടായി. ഈ പഠനവുമായി ബന്ധപ്പെട്ട് സംസ്ഥാനത്തെ തെരഞ്ഞെടുത്ത ഭൂജല സ്രോതസ്സുകളിൽനിന്നും ജലസാമ്പിളുകൾ ശേഖരിച്ച് അവയുടെ പരിശോധന നടത്തി സമഗ്രമായ പഠന റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. ഇതുകൂടാതെ പ്രാദേശികമായി ജലമലിനീകരണത്തെ സംബന്ധിച്ച് പരാതികൾ ലഭിക്കുന്ന മുറയ്ക്ക് ആവശ്യമായ പഠനങ്ങൾ നടത്തി റിപ്പോർട്ട് സമർപ്പിക്കാറുണ്ട്. ഇതുകൂടാതെ ശുദ്ധജല മലിനീകരണം തടയുവാനായി കേരള ഭൂജല (നിയന്ത്രണവും ക്രമീകരണവും) ആക്ടിൻ പ്രകാരം സംസ്ഥാന ഭൂജല അതോറിറ്റിക്ക് അധികാരമുണ്ട്. ആക്ട് പ്രകാരം മലിനജല നിർഗ്ഗമന കുഴലുകളും മറ്റും ജലസ്രോതസ്സുകളെ ബാധിക്കുന്നവിധം സ്ഥാപിക്കുന്നതും ഉപരിതല ജലസ്രോതസ്സുകളിൽ നിക്ഷേപിക്കപ്പെടുന്ന മാലിന്യങ്ങൾ ഭൂജല സ്രോതസ്സുകളെ ബാധിക്കാൻ സാധ്യതയുള്ളതായി കണ്ടാൽ അതും, തടയുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാൻ ഭൂജല അതോറിറ്റിക്ക് അധികാരമുണ്ട്.

## പുഴകൾ സംരക്ഷിക്കാനുള്ള സമഗ്ര പദ്ധതി

122 (6827) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. വി. റ്റി. ബൽറാം :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. ആർ. സെൽവരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പുഴകൾ സംരക്ഷിക്കാനുള്ള സമഗ്ര പദ്ധതിക്ക് ജലവിഭവ വകുപ്പ് രൂപം നൽകിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ അറിയിക്കുമോ ;

(സി) ജലസ്രോതസ്സുകൾവറ്റി, തീരങ്ങൾ കയ്യേറപ്പെട്ട് നാശം നേരിട്ടു കൊണ്ടിരിക്കുന്ന സംസ്ഥാനത്തെ പുഴകളെ സംരക്ഷിക്കാൻ എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) പ്രസ്തുത പദ്ധതിക്ക് എത്ര കോടി രൂപ ചെലവ് വരുമെന്നാണ് പ്രതീക്ഷിക്കുന്നത് ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

### ഉത്തരം

(എ) സംസ്ഥാനത്തെ പുഴകളെ സംരക്ഷിക്കുന്നതിനുള്ള സമഗ്ര പദ്ധതിക്ക് രൂപം നൽകുവാൻ ഉദ്ദേശിക്കുന്നുണ്ട്. ഭാരതപ്പുഴ, പമ്പ, പെരിയാർ, കരമന-കിള്ളി എന്നീ നദികളിൽ ജലലഭ്യത ഉറപ്പുവരുത്തുന്നതിനും മാലിന്യ നിർമ്മാർജ്ജനത്തിനും നദീതട അടിസ്ഥാനത്തിൽ നദീതീര വികസനത്തിനുമായി വിവിധ പദ്ധതികൾ കേന്ദ്രാനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. അനുമതി ലഭിക്കുന്നപക്ഷം പ്രസ്തുത പദ്ധതികൾ പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിക്കാലയളവിൽ പൂർത്തീകരിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്.



LIBRARY ARCHIVES Kerala Legislative Assembly